മൽസ്യത്തൊഴിലാളി സഹകരണസംഘങ്ങളും ഉണ്ട്. പേരുവിവരം ശേഖരിച്ചുവരികയാണ്.

(ഡി) 71 അപേക്ഷകളിൽ തീരുമാനമാകാനുണ്ട്. ഇവ അടുത്തു ചേരുന്ന ഡയറക്ടർ ബോർഡ് യോഗം പരിഗണിക്കുന്നതാണ്.

(ഇ) അഫിലിയേഷൻ നൽകാനുള്ള സംഘങ്ങളുടെ പേരുവിവരം അനുബന്ധമായി കാണാവുന്നതാണ്.†

(എഫ്) നിയമാവലിയുടെ പകർപ്പ് അടക്കം ചെയ്തിരിക്കുന്നു.

(ജി) എത്ര ദിവസത്തിനകം തീരുമാനം എടുക്കണമെന്ന് മൽസ്യഫെഡിന്റെ നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

2.12.96 മുതൽ ലഭിച്ച അപേക്ഷകളിലാണ് തീരുമാനമെടുക്കാനുള്ളത്.

4 (2695) ട്രോളിംഗ് നിരോധന ലംഘനം

ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതിയെന്താണെന്ന് അറിയിക്കാമോ;

(ബി) ട്രോളിംഗ് നിരോധനം ലംഘിക്കപ്പെട്ട സംഭവങ്ങളുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ട്രോളിംഗ് ബോട്ടുകൾ, ഔട്ട്ബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾ, പരമ്പരാഗത വള്ളങ്ങൾ, കട്ടമരങ്ങൾ എന്നിവയുടെ സംഖ്യയിൽ കഴിഞ്ഞ മൂന്ന് വർഷമായി വർദ്ധനവുണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിന്റെ ബോട്ടുകളും വാടകയ്ക്കെടുത്ത ബോട്ടുകളും ഉപയോഗിച്ച് ഫലപ്രദമായി കടൽ പട്രോളിംഗ് നടത്തിവരുന്നു. എല്ലാ കടലോരജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകളിലും കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. ഫിഷറീസ് വകുപ്പിലെ ഇമ്പൗണ്ടിംഗ് ഓഫീസർമാർ കടലിൽ സ്ഥിരമായി പട്രോളിംഗ് നടത്തുകയും നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(ബി) തമിഴ്നാട്ടിൽ നിന്നുള്ള ഒരു ബോട്ട് അതിർത്തിപ്രദേശത്ത് മൽസ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പിടിച്ചെടുക്കുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) യന്ത്രം ഘടിപ്പിക്കാത്ത വള്ളങ്ങളുടെ കാര്യത്തിൽ (പരമ്പരാഗതവള്ളങ്ങൾ, കട്ടമരങ്ങൾ ഉൾപ്പെടെ) വർഷംതോറും കുറവും യന്ത്രം ഘടിപ്പിച്ച വള്ളങ്ങളുടെ കാര്യത്തിൽ താരതമ്യേന വർദ്ധനവും ഉണ്ടാകുന്നതായി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നു. രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ധാരാളം ബോട്ടുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിനാൽ ബോട്ടുകളുടെ എണ്ണത്തിലുള്ള ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച കൃത്യമായി കണക്ക് ലഭ്യമല്ല.

5 (2696) മൽസ്യ മേഖലയ്ക്ക് സമഗ്ര നിയമനിർമ്മാണം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യ മേഖലയ്ക്ക് സമഗ്ര നിയമ നിർമ്മാണം ആവശ്യമാണ് എന്നുള്ള പഠന റിപ്പോർട്ട് സി.ഡി.എസ്സിൽ നിന്ന് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

6 (2697) അലങ്കാര മൽസ്യക്കൃഷിക്ക് പ്രോൽസാഹനം

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലങ്കാര മൽസ്യക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാരിന് എന്തെല്ലാം പരിപാടികളുണ്ട്;

(ബി) ഇത്തരം മൽസ്യക്കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഗവൺമെന്റ് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) കേരളത്തിന്റെ വടക്കൻ ജില്ലകളായ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ അലങ്കാരമൽസ്യങ്ങളെ വളർത്തുന്നതിനും, ഇതിനെ സംബന്ധിച്ച് ജനങ്ങളെ ബോധവന്മാരാക്കുന്നതിനും, കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും അതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 18,66,200/- രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി ഫിഷറീസ് വകുപ്പും സി.എം.എഫ്.ആർ.ഐയും വഴി നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ വിഹിതമായ 10.40 ലക്ഷം രൂപ സി.എം.എഫ്. ആർ.ഐയ്ക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് വകുപ്പ് 25 ലക്ഷം രൂപയുടെ ഒരു പദ്ധതി നടപ്പാക്കുന്നതാണ്.

മൽസ്യഫെഡ് 102.50 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു അലങ്കാര മൽസ്യക്കൃഷി വികസന പദ്ധതി കേന്ദ്ര മാനവശേഷി വികസന മന്ത്രാല

LIBRARY ARCHIVES Kerala Legislative Assembly